# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 6333 | 03.04.2018-ന് മറുപടിയ്ക്ക്

## പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. സി. ദിവാകരൻ :** | | **ശ്രീ. എ. കെ. ബാലൻ**<br>(പട്ടികജാതി - പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |
| (എ) പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ ; | (എ) | പിന്നാക്ക വിഭാഗ വികസന വകുപ്പിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള പദ്ധതികളിൽ ഓഫീസ് ഓട്ടോമേഷൻ, ഒ.ബി.സി. പോസ്റ്റ്മെട്രിക് ഹോസ്റ്റൽ നിർമ്മാണം ഇവ ഒഴികെയുള്ള എല്ലാ പദ്ധതികൾക്കും ആവശ്യമായ ഭരണാനുമതി ലഭ്യമാക്കുകയും എല്ലാ പദ്ധതികളുമായി ബന്ധപ്പെട്ട് യഥാസമയങ്ങളിൽ പൊതുജനങ്ങൾക്ക് അറിയിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങളെല്ലാം പൂർത്തീകരണ ഘട്ടത്തിലാണ്. |
| (ബി) സ്ഥിരം ഡയറക്ടറും രണ്ട് മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാരും ഇല്ലാത്തതിനാൽ വകുപ്പിന്റെ ക്ഷേമ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; വിശദാംശം നൽകുമോ ? | (ബി) | ഇല്ല, ബാധകമല്ല. മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാരുടെ തസ്തികയിൽ സ്ഥിരം ഉദ്യോഗസ്ഥരില്ലെങ്കിലും വകുപ്പിലെ സീനിയർ സൂപ്രണ്ടുമാർക്ക് അധിക ചുമതല നൽകി വകുപ്പിന്റെ പ്രവർത്തനം തടസ്സം കൂടാതെ മുന്നോട്ട് കൊണ്ടുപോകുന്നതിന് നടപടിയെടുത്തിട്ടുണ്ട്. പദ്ധതി യിനത്തിൽ 94% ഉം, പദ്ധതിയേതര ഇനത്തിൽ 99% ഉം ചെലവ് കൈവരിക്കുന്നതിന് വകുപ്പിന് ഇതിനകം സാധിച്ചിട്ടുണ്ട്. മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാരെ നിയമിക്കുന്നതിന് നടപടികളെടുത്തു വരുന്നു. |

സെക്ഷൻ ഓഫീസർ